ഉത്തരം

(എ) ബോർഡിന്റെ മൊത്തമുള്ള വൈദ്യുതി പ്രസരണ-വിതരണ-വാണിജ്യ നഷ്ടമായ 25.39%ത്തിൽ ഏകദേശം 4%ത്തോളം വൈദ്യുതി മോഷണംമൂലമുള്ള നഷ്ടമാണ്.

(ബി) 2.44%.

(സി) 14 എണ്ണം.

വിദ്യാലയങ്ങളിൽ നിന്നും ഈടാക്കുന്ന വൈദ്യുതി നിരക്ക്

ഗാർഹിക വൈദ്യുതി നിരക്കാക്കാൻ നടപടി

14 [2003] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കളിൽനിന്നും ഏതെല്ലാം രീതിയിലുള്ള നിരക്കുകളാണ് ഈടാക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) വീടുകൾക്കും വിദ്യാലയങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും വ്യത്യസ്ത രീതിയിലുള്ള നിരക്കുകളാണ് ഈടാക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഐ. ടി. വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ ഉപകരണങ്ങൾ കൂടുതൽ പ്രവർത്തിപ്പിക്കുന്നതുമൂലം വൈദ്യുതിയുടെ ഉപയോഗം വിദ്യാലയങ്ങളിൽ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാലയങ്ങളിൽ നിന്നും ഈടാക്കുന്ന വൈദ്യുതി നിരക്ക് ഗാർഹിക വൈദ്യുതി നിരക്കാക്കി വിദ്യാലയങ്ങളെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് ബോർഡ് 24-10-2002-ൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഉണ്ട്.

(സി) വൈദ്യുതി ഉപഭോഗം കൂടുതലാകാൻ സാദ്ധ്യതയുണ്ട്.

(ഡി) സംസ്ഥാനത്ത് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതോടുകൂടി വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനും നിരക്കുകളിൽ മാറ്റം വരുത്തുന്നതിനുമുള്ള അധികാരം കമ്മീഷനിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്.

ഇലക്ട്രോണിക് മീറ്റർ

15 [2004] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് വീടുകളിൽ സ്ഥാപിക്കുന്നതിനായി എത്ര ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങിയിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര എണ്ണം വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്;

(സി) ഇലക്ട്രോണിക് മീറ്ററുകൾ പലതും കേടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ഇലക്ട്രോണിക് മീറ്ററുകൾ ഇതിനകം കേടായിട്ടുണ്ട്;

(ഇ) ഇത്തരത്തിൽ കേടായ മീറ്ററുകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) മീറ്റർ ചാർജ്ജ് ഈടാക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിംഗിൾ ഫേസ്—32,21,258. ത്രീ ഫേസ്—3,65,500.

(ബി) 24,45,304 എണ്ണം.

(സി) ഉണ്ട്.

(ഡി) 1,48,112 എണ്ണം.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) പരിഗണനയിലില്ല.

വൈദ്യുതി ചാർജ്ജ് വർദ്ധനവുമൂലം ഹോട്ടലുകൾ നേരിടുന്ന ബുദ്ധിമുട്ട്

16 [2005] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധനവുമൂലം സംസ്ഥാനത്തെ ഹോട്ടലുകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുകിട വ്യവസായ സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങളും ഇളവുകളും ഹോട്ടൽ രംഗത്തും അനുവദിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(സി) ടൂറിസം പ്രോൽസാഹനത്തിന് സ്റ്റാർ ഹോട്ടലുകൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(ഡി) ടൂറിസം വികസനത്തിന്റെ ഭാഗമായി മുഴുവൻ ഹോട്ടലുകൾക്കും സൗജന്യ നിരക്ക് ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷന്റെ ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) താരിഫ് പുനർനിർണ്ണയത്തിനുള്ള അധികാരം ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷനിൽ നിക്ഷിപ്തമാണ്.

(സി) ടൂറിസം പ്രോൽസാഹനത്തിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകൾക്ക് ടൂറിസം വകുപ്പ് വൈദ്യുതി നിരക്കിൽ ഇളവ് നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly